(ബി) സമാഹരണ ലക്ഷ്യം എത്രയായിരുന്നു;

(സി) 1986–മേയ് 2 മുതൽ മുപ്പത്തി ഒന്നുവരെ നടന്ന നിക്ഷേപ സമാഹരണത്തിൽ ഒരു വർഷത്തിൽ കുറയാത്ത ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ എത്ര രൂപ സമാഹരിച്ചുവെന്ന് പറയാമോ;

(ഡി) അതിന്റെ ജില്ല തിരിച്ചുള്ള കണക്കും, ഏറ്റവും കൂടുതൽ തുക സമാഹരണം നടത്തിയ ജില്ല ഏതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകദേശം 136.58 കോടി രൂപ. അവസാന കണക്കുകൾ ലഭ്യമായിട്ടില്ല.

(ബി) 60 കോടി രൂപ.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

സഹകരണ നിയമം

174 [189] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമം കാലാനുസരണമായ മാറ്റങ്ങൾ വരുത്തി പുതുക്കി നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) 1969–ലെ കേരള സഹകരണ നിയമത്തിൽ കാലോചിതമായി മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി സഹകരണ വകുപ്പു സെക്രട്ടറി ചെയർമാനും കൺവീനറുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പല പ്രാവശ്യം കൂടുകയും ചർച്ച ചെയ്ത് നിയമങ്ങളിൽ കൈക്കൊള്ളേണ്ട ഭേദഗതികളെപ്പറ്റി നിർദ്ദേശങ്ങൾ വയ്ക്കുകയുംചെയ്തിട്ടുണ്ട്. കമ്മിറ്റി അന്തിമരൂപം നൽകിയ നിർദ്ദേശങ്ങൾ ഇപ്പോൾ നിയമവകുപ്പിന്റെ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്.

സഹകരണസംഘങ്ങൾ

175 [190] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24–5–1982 മുതൽ 24–5–1986 വരെയുള്ള നാല് വർഷക്കാലം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണസംഘങ്ങൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ;

(സി) ഇവയിൽ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി മാത്രം സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര;

(ഇ) ഇവ ഏതെല്ലാം ജില്ലകളിൽ?

ഉത്തരം

(എ) 788 സഹകരണ സംഘങ്ങൾ.

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി ആൻറ് ഡി) ഉണ്ട്. പട്ടികജാതിക്കുവേണ്ടി 203, പട്ടിക വർഗ്ഗക്കാർക്കുവേണ്ടി അഞ്ച്.

(ഇ) അനുബന്ധം പട്ടികയിൽ വ്യക്തമായി കാണിച്ചിട്ടുണ്ട്.

സഹകരണസംഘങ്ങളുടെ ഭരണസമിതികൾ

176 [191] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24–5–1982–നും 24–5–1986–നും ഇടയ്ക്കുള്ള കാലയളവിൽ സഹകരണസംഘങ്ങളുടെ ഭരണ സമിതികൾ പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ആകെ സഹകരണസംഘങ്ങൾ എത്ര;

(ഇ) അവയിൽ ഭരണസമിതി നിലവിലില്ലാത്ത സംഘങ്ങൾ എത്ര യെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 13.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. ‡

(ഡി) 8,024.

(ഇ) 364.

(ചോദ്യോത്തരസമയം കഴിഞ്ഞു).

† അനുബന്ധം VIII

‡ അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം — III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 175 (190) കാണുക]

24–5–1982 തുടങ്ങി 24–5–1986 വരെയുള്ള കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്.

	രജിസ്റ്റർ ചെയ്ത സംഘങ്ങൾ	പട്ടികജാതിക്കാർക്ക്	പട്ടികവർഗ്ഗക്കാർക്ക്
തിരുവനന്തപുരം	133	23	..
കൊല്ലം	79	36	..
പത്തനംതിട്ട	29	19	..
ആലപ്പുഴ	55	20	..
കോട്ടയം	48	8	..
ഇടുക്കി	38	6	..
എറണാകുളം	50	7	1
തൃശ്ശൂർ	44	17	..
പാലക്കാട്	50	18	1
മലപ്പുറം	67	22	..
കോഴിക്കോട്	41	11	..
വയനാട്	33	3	1
കണ്ണൂർ	115	13	2
കാസർകോട്	6	..	..
ആകെ	788	203	5

അനുബന്ധം IX

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 176 (191) കാണുക.]

ചോദ്യം (സി)

കൊല്ലം	ജില്ല	3
കോട്ടയം	,,	1
ആലപ്പുഴ	,,	4
എറണാകുളം	,,	1
തൃശ്ശൂർ	,,	1
പാലക്കാട്	,,	1
മലപ്പുറം	,,	1
വയനാട്	,,	1
ആകെ		13

LIBRARY ARCHIVES Kerala Legislative Assembly